**പതിനാലാം കേരള നിയമസഭ**

പതിനൊന്നാം സമ്മേളനം

## <u>പ്രാദേശിക വികസനത്തിന്</u>
## <u>തൊഴിലുറപ്പ് പദ്ധതി വഹിക്കുന്ന പങ്ക്</u>

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3149      **19-06-2018**-ൽ മറുപടിക്ക്

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. കെ.വി.വിജയദാസ്**<br>**ശ്രീ. എം. രാജഗോപാലൻ**<br>**ശ്രീ. സി.കെ. ഹരീന്ദ്രൻ**<br>**ശ്രീ. മുരളി പെരുനെല്ലി** | | **ഡോ. കെ.ടി. ജലീൽ**<br>(തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| (എ) | തൊഴിലുറപ്പ് പദ്ധതികൾ തൊഴിൽ ദാനമെന്നതിനുപരി പ്രാദേശിക വികസനത്തിന് വഹിക്കുന്ന പങ്കിനെ കുറിച്ച് അവലോകനം നടത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ; | (എ) | തൊഴിലുറപ്പ് നിയമപ്രകാരം അവിദഗ്ദ്ധ കായിക തൊഴിൽ ചെയ്യാൻ സന്നദ്ധതയുള്ള ഓരോ ഗ്രാമീണ കുടുംബത്തിനും 100 ദിവസം തൊഴിൽ നൽകുന്നതിനോടൊപ്പം നിശ്ചിത ഗുണമേന്മയുള്ളതും, ഈടുറ്റതും, ഉല്പാദനപരവുമായ ആസ്തികൾ സൃഷ്ടിക്കുന്നതിലൂടെ പ്രാദേശിക വികസനവും അഭിവൃദ്ധിയും ലക്ഷ്യമിടുന്നുണ്ട്. വ്യക്തിഗത കക്കൂസുകൾ, സ്കൂൾ ടോയ്‌ലെറ്റുകൾ. അങ്കണവാടികൾ, ഗ്രാമീണ റോഡുകൾ, കളിസ്ഥലങ്ങൾ, ഗ്രാമീണ ചന്തകൾ എന്നിവയുടെ നിർമ്മാണം, റോഡുകളുടെ പുനരുദ്ധാരണം എന്നിവയാണ് തൊഴിലുറപ്പ് പദ്ധതിയിൽ പ്രാദേശിക വികസനത്തിനുതകുന്ന തരത്തിൽ മുൻതൂക്കം നൽകി ഏറ്റെടുത്ത് നടപ്പാക്കി വരുന്നത്. ദീർഘകാലമായി തരിശായി കിടക്കുന്ന ഭൂമി കൃഷിക്ക് യോഗ്യമാക്കുന്നതിന് ഒറ്റത്തവണ ഇടപെടൽ നടത്തുന്നതിനും മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം അനുവദിക്കുന്നുണ്ട്. ഇത് കാർഷികമേഖലയുടെ അഭിവൃദ്ധിക്ക് സഹായകകരമാണ്.<br>സാമൂഹികവും സാമ്പത്തികവുമായ പ്രാദേശിക വികസനം നടപ്പിലാക്കുന്നതിന്റെ ഭാഗമായി മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം പട്ടിക I ഖണ്ഡിക (4) ഉപഖണ്ഡിക (2) അനുസരിച്ച്, ഏറ്റെടുക്കുന്ന പ്രവൃത്തികളുടെ 60 ശതമാനവും മണ്ണ്, ജലം, ജൈവസമ്പത്ത് എന്നിവയുടെ വികസനത്തിനുതകുന്നതും കാർഷിക അനുബന്ധ മേഖലയുടെ ഉല്പാദന വർദ്ധനവിന് സഹായകകരമാകുന്നവയുമായ പ്രവൃത്തികളായിരിക്കണം. ആകെ ചെലവഴിക്കുന്ന തുകയുടെ 60%-ൽ കുറയാത്ത തുക അവിദഗ്ദ്ധ തൊഴിലിനുള്ള കൂലിയായും 40%-ൽ |

അധികരിക്കാത്ത തുക വിദഗ്ധ തൊഴിലിനും സാധന സാമഗ്രികൾക്കുള്ള ചെലവിനത്തിലും വിനിയോഗിക്കാവുന്നതാണ്. ഇത്തരത്തിൽ പ്രകൃതി വിഭവ പരിപാലനത്തിനും ആസ്തികൾ സൃഷ്ടിക്കുന്നതിനും അർഹമായ പ്രാതിനിധ്യം തൊഴിലുറപ്പ് പദ്ധതിയിൽ ഉറപ്പ് വരുത്തുന്നതുമൂലം പ്രാദേശിക വികസനം സാധ്യമാവുന്നു. ഇപ്രകാരം തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി കഴിഞ്ഞ മൂന്ന് വർഷങ്ങളിലായി സൃഷ്ടിച്ച ആസ്തികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | വർഷം | | | |
|---|---|---|---|---|
| | 2016-17 | 2017-18 | 2018-19 (31.05.2018 വരെ) | ആകെ |
| അംഗൻവാടി കെട്ടിടങ്ങളുടെ നിർമ്മാണം | 7 | 22 | 8 | 37 |
| വ്യക്തിഗത കക്കൂസുകളുടെ നിർമ്മാണം | 8225 | 10400 | 1178 | 19803 |
| റോഡുകളുടെ നിർമ്മാണം | 5888 | 3339 | 324 | 9551 |
| കളിസ്ഥലങ്ങളുടെ നിർമ്മാണം | 121 | 53 | 3 | 177 |

നഗരപ്രദേശങ്ങളിൽ നടപ്പാക്കുന്ന അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതിയും ഈടുറ്റതും, ഉല്പാദനപരവുമായ ആസ്തികൾ സൃഷ്ടിക്കുന്നതിലൂടെ പ്രാദേശിക വികസനവും അഭിവൃദ്ധിയും സാധ്യമാക്കുന്നുണ്ട്. മണ്ണ്, ജലസംരക്ഷണം, പരിസ്ഥിതി സംരക്ഷണം, കാർഷിക മേഖലയിലെ അടിസ്ഥാന സൗകര്യ വികസനം, മാലിന്യ സംസ്കരണം എന്നിവക്ക് മുന്തിയ പരിഗണന അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതിയിൽ നൽകി വരുന്നു.

(ബി) ഈ വർഷം ജല സ്വയംപര്യാപ്തത നേടുക എന്നത് ലക്ഷ്യമായി പ്രഖ്യാപിച്ചിട്ടുണ്ടോ; എങ്കിൽ ഇതിനായി തൊഴിലുറപ്പ് പദ്ധതി വഴി നടത്തുന്ന പ്രവർത്തനങ്ങളും അവയുടെ പുരോഗതിയും അറിയിക്കാമോ;

(ബി) പ്രഖ്യാപിച്ചിട്ടുണ്ട്. സംസ്ഥാനത്തെ ജലസ്രോതസ്സുകൾ ജല സമൃദ്ധമാക്കി സംരക്ഷിച്ച് ജലസുരക്ഷ ഉറപ്പാക്കുന്നതിന് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൻകീഴിലും അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയിൻകീഴിലും പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്ക് കീഴിൽ ആവിഷ്കരിച്ചിരിക്കുന്ന സമ്പൂർണ്ണ കിണർ റീചാർജ്ജ്, ജലസുഭിക്ഷ

<table>
<tr><td></td><td></td><td></td><td>പദ്ധതികളിലൂടെ സംസ്ഥാനത്തെ എല്ലാ കിണറുകളും വിവിധ ഘട്ടങ്ങളിലായി സുസ്ഥിര ജലസമൃദ്ധ ജലശുചിത്വ കിണറുകളാക്കി മാറ്റുക, സംസ്ഥാനത്തെ ഭൂജലസമ്പത്ത് വർദ്ധിപ്പിക്കുക തുടങ്ങിയവ ലക്ഷ്യമിടുന്നു. സംസ്ഥാനത്ത് ജലസുഭിക്ഷ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഗ്രാമ /ബ്ലോക്ക് തലത്തിൽ നടത്തിയ സർവ്വേയുടെ അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കപ്പെട്ട കിണറുകൾ റീചാർജ്ജ് ചെയ്തിട്ടുണ്ട്. കൂടാതെ ഹരിതകേരളം പദ്ധതിയുടെ ഭാഗമായി തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തിന്റെ എല്ലാ ജില്ലകളിലും ജലസ്രോതസ്സുകളായ നദികൾ, പുഴകൾ, തോടുകൾ മുതലായവ നവീകരിച്ച് ശുദ്ധജലം ലഭ്യമാക്കുന്നതിനുള്ള പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നുണ്ട്. കേന്ദ്ര സർക്കാരിന്റെ ഫോക്കൽ പ്രവൃത്തികളായ കുളങ്ങളുടെ നിർമ്മാണം, ഫാം പോണ്ടുകളുടെ നിർമ്മാണം, കിണറുകളുടെ നിർമ്മാണം, മഴവെള്ള സംഭരണികളുടെ നിർമ്മാണം എന്നീ പ്രവൃത്തികളും മുൻതൂക്കം നൽകി നടപ്പിലാക്കി വരുന്നുണ്ട്. കഴിഞ്ഞ രണ്ട് വർഷങ്ങളിലായി ജലസംരക്ഷണ പ്രവർത്തനങ്ങൾക്കായി സംസ്ഥാനത്ത് ഏറ്റെടുത്ത് നടപ്പാക്കിയ പ്രവർത്തനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.
<table>
<tr><th>ഇനം</th><th>നേട്ടം</th></tr>
<tr><td>ഫാം പോണ്ട് നിർമ്മാണം</td><td>6182</td></tr>
<tr><td>പരമ്പരാഗത ജലസ്രോതസ്സുകളുടെ പുനഃരുദ്ധാരണം</td><td>35230</td></tr>
<tr><td>പുരപ്പുറത്ത് വീഴുന്ന മഴവെള്ളം ഉപയോഗിച്ച് കിണർ റീചാർജ്ജിംഗ്</td><td>35696</td></tr>
<tr><td>പുതിയ കിണറുകളുടെ നിർമ്മാണം</td><td>19450</td></tr>
<tr><td>ചെക്ക് ഡാമുകളുടെ നിർമ്മാണം</td><td>3022</td></tr>
</table></td></tr>
<tr><td>(സി)</td><td>അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി, നഗരങ്ങളിലെ തൊഴിൽ രഹിതർക്ക് തൊഴിൽ നൽകുന്ന തിനും നഗര അടിസ്ഥാന സൗകര്യ വികസനത്തിനും ഏതു രീതിയിൽ പ്രയോജനപ്രദമാകുന്നുവെന്ന്</td><td>(സി)</td><td>അവിദഗ്ധ കായിക തൊഴിലിൽ ഏർപ്പെടാൻ സന്നദ്ധതയുള്ള നഗരപ്രദേശങ്ങളിൽ അധിവസിക്കുന്ന ഏതൊരു കുടുംബത്തിനും ഒരു വർഷം 100 ദിവസത്തിൽ കുറയാത്ത തൊഴിൽ അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതി മുഖേന നൽകുന്നു. അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതി മുഖേന തൊഴിലാളികൾക്ക് തൊഴിൽ നൽകുന്നതിനോടൊപ്പം ആസ്തികളും സൃഷ്ടിക്കപ്പെടുന്നു. റോഡ്,</td></tr>
</table>

| | | | |
|---|---|---|---|
| | വിശദമാക്കാമോ? | | ജലസംരക്ഷണം, പരിസ്ഥിതി സംരക്ഷണം, കാർഷിക മേഖലയിലെ അടിസ്ഥാന സൗകര്യ വികസനം, മാലിന്യ സംസ്കരണം എന്നിവക്ക് അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതിയിൽ മുൻഗണന നൽകി വരുന്നു. നഗരസഭകളുടെ പ്രാദേശിക വികസന പദ്ധതികൾ അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതിയിൽ ഇന്റഗ്രേറ്റ് ചെയ്ത് നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. നഗരസഭയുടെ ചുമതലകളിൽ പ്രധാനമായ ഖര-ദ്രവ മാലിന്യ ശേഖരണവും സംസ്കരണവും അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി മുഖേന നടപ്പിലാക്കാവുന്നതാണ്. |

**സെക്ഷൻ ഓഫീസർ**